**844**

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവമെന്നെ നടത്തി
ഒന്നുമില്ലായ്കയിൽ നിന്നെന്നെ ഉയർത്തി
ഇത്രത്തോളം യഹോവ സഹായിച്ചു

1 കണ്ണുനീരും ദു:ഖവും നിരാശയും പൂർണ്ണമായി മാറിടും ദിനം വരും
അന്നു പാടും ദൂതർ മദ്ധ്യേ ആർത്തുപാടും ശുദ്ധരൊത്ത്
ഇത്രത്തോളം യഹോവ സഹായിച്ചു-

2 ഹാഗാറിനെപ്പോലെ ഞാൻ കരഞ്ഞപ്പോൾ
യാക്കോബിനെപ്പോലെ ഞാൻ വലഞ്ഞപ്പോൾ
മരുഭൂമിയിലെനിക്കു ജീവജലം തന്നെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു-

3 ഏകനായ് നിന്ദ്യനായ് പരദേശിയായ്
നാടുംവീടും വിട്ടു ഞാൻ വലഞ്ഞപ്പോൾ
സ്വന്തനാട്ടിൽ ചേർത്തുകൊള്ളാം എന്നുരച്ച നാഥനെ
ഇത്രത്തോളം യഹോവ സഹായിച്ചു-